3248
14/2/18

File No.FWLD-B1/184/2017-FWLD

കേരള സർക്കാർ

സംഗ്രഹം

സൗത്ത് വയനാട് ഡിവിഷനിലെ തോമാട്ടുചാൽ വില്ലേജിലെ WCS ഏരിയായിൽ നിന്നും വീട്ടി/തേക്ക് തടികൾ, ബില്ലറ്റ് എന്നിവ ശേഖരിച്ച് കുപ്പാടി/ചാലിയം ഡിപ്പോകളിലെത്തിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യ ജീവി (ബി) വകുപ്പ്

G.O.(Rt) No. 58/2018/F&WLD തീയതി, തിരുവനന്തപുരം, 03/02/2018

പരാമർശം:- 1) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ, 07.11.2016, 23.03.2017,8.11.2017 എന്നീ തീയതികളിലെ പ്രൊ(5) 17295/16 നമ്പർ കത്തുകൾ.

2) 22/3/2017ലെ ബി1/176/2017 നമ്പർ സർക്കാർ കത്ത്.

ഉത്തരവ്

വയനാട് കോളനൈസേഷൻ സ്കീമിൽപ്പെട്ട സ്ഥലങ്ങളിൽ നിന്നും വീട്ടി, തേക്ക് മുതലായ മരങ്ങൾ മുറിക്കുന്നതിനും അവ സർക്കാർ ഡിപ്പോയിൽ എത്തിച്ച് ലേലം ചെയ്ത് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനുമായി റവന്യൂ വകുപ്പ് വനം വകുപ്പിൽ ഏൽപ്പിച്ചിരുന്നതായ 14763 മരങ്ങൾ മുറിച്ച് ഡിപ്പോയിലെത്തിക്കുന്ന പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മുറിച്ചുമാറ്റുന്നതിന് വീഴ്ച വരുത്തിയ 4758 തേക്ക്, വീട്ടി മരങ്ങൾ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർലേലം ചെയ്യുകയുണ്ടായി. തുടർന്ന് പ്രവർത്തി ഏറ്റെടുത്ത കരാറുകാരനും പ്രസ്തുത പണി പൂർത്തീകരിക്കാത്തതിനെ തുടർന്ന് മുറിച്ചുമാറ്റാൻ 1088 വീട്ടി മരങ്ങളും 2 തേക്ക് മരങ്ങളുമായി ആകെ 1090 മരങ്ങൾ ബാക്കിയുണ്ടായിരുന്നു.ദുർഘടം പിടിച്ച സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിന് ടെന്റർ ക്ഷണിച്ചിരുന്നുവെങ്കിലും ലഭിച്ച ടെന്ററുകൾ ടെന്റർ എക്സസിലുള്ള തായിരുന്നു. പുനർ ടെന്ററിലും മേൽ തുകയെക്കാൾ അധികരിച്ച നിരക്കാണ് ലഭിച്ചത്. ഏറ്റവും കുറഞ്ഞ നിരക്ക തന്നെ 184.21% കൂടുതലായിരുന്നു. ആയതിനാൽ ഒരു നെഗോഷിയേഷൻ കൂടി നടത്തി ടെന്റർ നിരക്കിൽ കുറവുവരുത്തുവാൻ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന് പരാമർശം (2) പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

2) മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കരാറുകാരനായ ശ്രീ.മുഹമ്മദ് റഫീഖുമായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ) നെഗോഷിയേറ്റ് ചെയ്തതിൽ 0.87% കുറവ് വരുത്തി 171% അധിക നിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാണെന്ന് ടിയാൻ രേഖാമൂലം ബോധിപ്പിച്ചതായും ടി പ്രവർത്തിക്ക് നിലവിലെ അടക്കം ആകെ 6 ടെണ്ടർ നടത്തിയിട്ടുണ്ടെന്നും ഇനിയൊരു ടെന്റർ നടത്തിയാലും ഈ നിരക്ക് കുറച്ച് ടെന്റർ ലഭിക്കാൻ സാധ്യതയില്ല എന്നും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

3) പ്രവൃത്തിക്ക് തയ്യാറാക്കിയ അടങ്കൽ തുക, കരാറുകാരൻ രേഖപ്പെടുത്തിയ തുക ചെലവ് കഴിഞ്ഞ് ലഭിക്കാവുന്ന തുക തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| അടങ്കൽ തുക | - 84,00,000/- രൂപ |
| ടെന്റർ തുക (171% അധിക നിരക്ക്) | - 2,27,64,000/- രൂപ |
| നഷ്ട പരിഹാരതുക | - 1,23,25,560/- രൂപ |

(1232.556 M3 × 10,000)

<u>പ്രതീക്ഷിക്കാവുന്ന വരുമാനം</u>

വരവ് - 9,92,35,000/- രൂപ

ചെലവ്

(ടെണ്ടർതുക + നഷ്ടപരിഹാരം) - <u>3,50,89,560/-</u> രൂപ

ചെലവ് കഴിഞ്ഞ് ലഭിക്കാവുന്ന തുക - <u>6,41,45,440/-</u> രൂപ

(Excess over expenditure)

4) പ്രസ്തുത പ്രവൃത്തിക്ക് ഇനിയും ഒരു ടെണ്ടർ നടത്തിയാൽ ടി നിരക്കിൽ കുറഞ്ഞ് ആരും തന്നെ ടി പ്രവൃത്തി എറ്റെടുത്ത് ചെയ്യാൻ സാധ്യതയില്ലെന്ന പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) ന്റെ പരാമർശം (1) പ്രകാരമുള്ള ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ.മുഹമ്മദ് റഫീഖ്, വലിയ പറമ്പിൽ വീട്, ആമ്പിലേരി, കല്പറ്റ, വയനാട് എന്നയാൾക്ക് 171% അധിക നിരക്കിൽ സൗത്ത് വയനാട് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിന്റെ പരിധിയിൽ വരുന്ന തോമാട്ടുചാൽ വില്ലേജിലെ WCS ഏരിയായിൽ നിന്നും വീട്ടി/തേക്ക് തടികൾ ബില്ലറ്റ് എന്നിവ ശേഖരിച്ച് കുപ്പാടി, ചാലിയം ഡിപ്പോകളിലെത്തിക്കുന്ന പ്രവൃത്തിയുടെ ഇ-ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GIRIJA KUMARI G
DEPUTY SECRETARY

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്) കോഴിക്കോട്

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (അഗ്രി-എ1/141/2016/ധന പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ